പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.58

04.06.2018-ൽ മറുപടിക്ക്

## പി.എസ്.സി മുഖേനയുള്ള നിയമനങ്ങൾ

ചോദ്യം

ശ്രീ.ടി.വി.രാജേഷ്

ഉത്തരം

പിണറായി വിജയൻ

മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 30/4/2018 വരെ പി.എസ്.സി വഴി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം 30.04.2018 വരെ 72,982 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നറിയിക്കാമോ; | (ബി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) | മുൻ സർക്കാരിന്റെ കാലത്ത് പി.എസ്.സി വഴി എത്ര നിയമനങ്ങൾ നടത്തിയെന്നും എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചുവെന്നും വ്യക്തമാക്കാമോ; | (സി) | മുൻ സർക്കാരിന്റെ കാലത്ത് 1,54,386 പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് സൃഷ്ടിച്ച പുതിയ തസ്തികകൾ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ഡി) | പി.എസ്.സി വഴി കൂടുതൽ നിയമനം നല്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ? | (ഡി) | നിയമനം ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 16.08.2017-ലെ AdvC3/304/2017/P&ARD നമ്പർ സർക്കുലർ മുഖേനയും കാലാവധി പൂർത്തിയാകുന്ന എൽ.ഡി.സി.(വിവിധം) എൽ.ജി.എസ്.(വിവിധം) റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി മുഴുവൻ ഒഴിവുകളും ഉണ്ടാവുന്ന മുറയ്ക്ക് തന്നെ യാതൊരു കാലതാമസവും കൂടാതെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് 13.12.2017-ലെ ഉപസി3/428/17/ഉഭപവ സർക്കുലർ മുഖേനയും ഒഴിവുകൾ പി.എസ്.സി.യുടെ ഇ-വേക്കൻസി സോഫ്റ്റ് |

| | | | |
|---|---|---|---|
| | | | വെയർ മുഖാന്തിരം കൃത്യമായി റിപ്പോർട്ട് ചെയ്യുവാൻ 20.12.2017-ലെ ഉപസി3/141/17/ ഉഭപവ സർക്കുലർ മുഖേനയും നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും, നിയമന അധികാരികൾക്കും 07.02.2018-ലെ ഉപസി3/536/17/ഉഭപവ സർക്കുലർ മുഖേനയും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എൽ.ഡി.സി റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിനായി നിലവിൽ ആശ്രിത നിയമനത്തിനായി നീക്കിവച്ചിട്ടുള്ളതോ, തസ്തിക മാറ്റനിയമനത്തിനായി നീക്കിവച്ചിട്ടുള്ളതോ, മറ്റുതരത്തിൽ നീക്കിവച്ചിട്ടുള്ളതോ ഉൾപ്പെടെ എല്ലാ ഒഴിവുകളും 27.03.2018 നകം തന്നെ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും 17.03.2018-ലെ ഉപസി3/428/17/ഉഭപവ സർക്കുലർ മുഖേനയും സർക്കാർ കർശനനിർദ്ദേശം നൽകിയിരുന്നു. കൂടാതെ നിലവിലുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യിക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പ് സംസ്ഥാന വ്യാപകമായി ദ്രുതപരിശോധന നടത്തിവരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ